(ബി) ഇതിനകം എത്ര പ്രദേശങ്ങളിലെ ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചു; ഇനി ശേഷിക്കുന്നവ എത്രയാണ്;

&

(സി) ഡേറ്റാ ബാങ്ക് പൂർണ്ണമായി വിജ്ഞാപനം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

കേരളത്തിൽ ആകെയുള്ള 1,077 കൃഷി ഭവനുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കേണ്ട 1,061 കൃഷി ഭവനുകളിലും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കേരഗ്രാമം പദ്ധതി

30 (1015) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതിയിൽ ഉൾപെടുത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കളനിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസവളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, രോഗം ബാധിച്ചതും ഉൽപ്പാദനശേഷിയില്ലാത്തതുമായ തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു. ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ പ്രാദേശിക ആവശ്യാനുസരണം തെരഞ്ഞെടുത്താണ് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ. (സ്റ്റേറ്റ് പ്ലാൻ ഷെയർ 38 ലക്ഷം, LSGD ഷെയർ -24 .5 ലക്ഷം) ഇതിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

(a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ്

(b) തൊണ്ട് കഴിച്ചിടീൽ - 50 രൂപ/തെങ്ങ്

(c) കുമ്മായം - 9 രൂപ/തെങ്ങ്

(d) രാസവളം - 20 രൂപ/തെങ്ങ്

(e) മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/തെങ്ങ്

(f) ജൈവവളം - 25 രൂപ/തെങ്ങ്

(g) സസ്യസംരക്ഷണം - 10 രൂപ/തെങ്ങ്

(h) ജീവാണുവളങ്ങൾ, ജൈവീക നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് - 75 രൂപ/തെങ്ങ്

(i) രോഗംബാധിച്ചതും ഉൽപ്പാദനശേഷി നശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന് - 1,000 രൂപ/തെങ്ങ്

(j) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്

(k) ഇടവിള കൃഷി - 6,000 രൂപ/ഹെക്ടറിന്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ ക്രമത്തിൽ 20 ഹെക്ടറിന് പരമാവധി 5 ലക്ഷം രൂപ.

3. 61 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2,000 രൂപ നിരക്കിൽ വിതരണം.

4. എട്ട് ജൈവവള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000 രൂപ നിരക്കിൽ ആനുകൂല്യം.

LIBRARY ARCHIVES Kerala Legislative Assembly

5. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ യൂണിറ്റ് സ്ഥാപിക്കൽ, മിനികയർ നിർമ്മാണ/സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, പഞ്ചായത്തുതല കേരസമിതി കൾക്കുള്ള പ്രവർത്തന ചെലവ്, മറ്റു കൂട്ടായ പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ.

6. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷിഭവനുകളുടെ പ്രവർത്തന ചെലവായി 15000 രൂപ.

7. താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം.

(ബി) സംസ്ഥാനത്ത് ഇതുവരെയായി ആകെ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

2014-15 മുതൽ 2020-21 വരെ സംസ്ഥാനത്ത് 372 പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കി. 2021-22 വർഷം 84 കേരഗ്രാമങ്ങൾ പുതുതായി സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ആയതിൽ 36 കേരഗ്രാമങ്ങളുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(സി) കണ്ണൂർ ജില്ലയിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

കണ്ണൂർ ജില്ലയിൽ 2014-15 മുതൽ 2019-20 വരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പട്ടിക വർഷം തിരിച്ചു ചുവടെ ചേർക്കുന്നു.

നിയോജകമണ്ഡലം	പഞ്ചായത്ത്	വർഷം
കൂത്തുപറമ്പ	കൂത്തുപറമ്പ	2014-15
ധർമ്മടം	അഞ്ചരക്കണ്ടി	2014-15
കൂത്തുപറമ്പ	കൂത്തുപറമ്പ	2015-16
ധർമ്മടം	അഞ്ചരക്കണ്ടി	2015-16
തളിപ്പറമ്പ്	ചക്കരപ്പടവ്	2015-16
കണ്ണൂർ	മുണ്ടേരി	2016-17

LIBRARY ARCHIVES Kerala Legislative Assembly

	എളയാവൂർ	2018-19
	ചേലോറ	2019-20
പയ്യന്നൂർ	പയ്യന്നൂർ മുനിസിപ്പാലിറ്റി	2016-17
	കാങ്കോൽ - ആലമ്പടപ്പ	2018-19
മട്ടന്നൂർ	കൂടാളി	2016-17
ധർമ്മടം	പിണറായി	2017-18
	വേങ്ങാട്	2018-19
തളിപ്പറമ്പ്	കുട്ടിയാറ്റൂർ	2017-18
	മയ്യിൽ	2018-19
കല്യാശ്ശേരി	ചെറുകുന്ന്	2017-18
കുത്തുപറമ്പ്	കുത്തുപറമ്പ	2017-18
	തൃപ്പങ്ങോട്ടൂർ	2018-19
	പാനൂർ മുനിസിപ്പാലിറ്റി	2019-20
പേരാവൂർ	പായം	2018-19
തലശ്ശേരി	എരഞ്ഞോളി-കതിരൂർ	2018-19
	കതിരൂർ	2019-20

(ഡി) 2020-21 സാമ്പത്തിക വർഷം പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കേരഗ്രാമം പദ്ധതിയിൽ ഉൾപെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ണൂർ ജില്ലയിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

2020-21 സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിൽ പുതിയ കേരഗ്രാമങ്ങൾ തെരഞ്ഞെടുത്തിട്ടില്ല.

യുവാക്കളെ കൃഷിയിലേയ്ക്ക് ആകർഷിക്കാൻ പദ്ധതി

31 (1016) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കളെ കൃഷിയിലേയ്ക്ക് ആകർഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

കാർഷിക മേഖലയിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് നൂതന